**പതിനഞ്ചാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2537** **06-10-2025-ൽ മറുപടിയ്ക്ക്**

**<u>സർക്കാർ ജീവനക്കാരുടെ ഭവന നിർമ്മാണ വായ്പ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. കെ. ബഷീർ

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** സർക്കാർ ജീവനക്കാർക്ക് അനുവദിച്ചു വന്നിരുന്ന ഭവന നിർമ്മാണ വായ്പാപദ്ധതി പുതുക്കിക്കൊണ്ട് 2018 ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u> സ.ഉ(അച്ചടി)നം.105/2018/ധന തീയതി. 05/07/2018, സ.ഉ(അച്ചടി)നം. 143/2018/ധന തീയതി 11/09/2018 എന്നീ ഉത്തരവുകൾ പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർക്കുള്ള ഭവന നിർമ്മാണ വായ്പാ പദ്ധതി പരിഷ്ക്കരിച്ചിട്ടുള്ളതാണ്. പരിപത്രം നം.6/2019/ധന തീയതി. 18.01.2019 ലെ നിർദ്ദേശങ്ങൾക്കനുസരിച്ച് ഭവന നിർമ്മാണ വായ്പയ്ക്ക് യോഗ്യരായ സർക്കാർ ജീവനക്കാർ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളും LIC-HFL, DHFL തുടങ്ങിയ നോൺ ബാങ്കിങ് ഫിനാൻസ് കോർപ്പറേഷനുകളും വഴി വായ്പകൾ കരസ്ഥമാക്കുകയുമാണ് ചെയ്യുന്നത്. ഇപ്രകാരം കരസ്ഥമാക്കുന്ന വായ്പകൾക്ക് ഒരു ഓൺലൈൻ സോഫ്റ്റ് വെയർ മുഖാന്തരം പലിശയിളവ് അനുവദിക്കുമെന്നാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.**

**(ബി)** ജീവനക്കാർ ബാങ്കിൽ നിന്നും നേരിട്ട് എടുക്കുന്ന ഭവനവായ്പയ്ക്ക് എത്ര ശതമാനം പലിശ സബ്സിഡി സർക്കാർ അനുവദിക്കുമെന്നാണ് പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയതെന്ന് അറിയിക്കുമോ;

**<u>മറുപടി:</u> പരിഷ്ക്കരിച്ച ഭവനവായ്പാപദ്ധതി പ്രകാരം** ജീവനക്കാർ ബാങ്കിൽ നിന്നും നേരിട്ട് എടുക്കുന്ന ഭവനവായ്പയ്ക്ക് 3.25% പലിശയിളവ് നൽകുമെന്നാണ് **സ.ഉ(അച്ചടി)നം.105/2018/ധന തീയതി. 05/07/2018** ഉത്തരവിൽ പരാമർശിച്ചിരിക്കുന്നത്.

**(സി)** പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ എത്ര ജീവനക്കാർക്ക് പലിശ സബ്സിഡി അനുവദിച്ചുവെന്നും 2018 മുതൽ നാളിതു വരെ ഈ ഇനത്തിൽ സർക്കാരിന് എത്ര രൂപ ചെലവായിയെന്നും വിശദമാക്കുമോ;

**<u>മറുപടി:</u> പരിഷ്ക്കരിച്ച ഭവനവായ്പാപദ്ധതി പ്രകാരം ഷെഡ്യൂൾഡ് കൊമേർഷ്യൽ ബാങ്കുകൾ വഴി വായ്പയെടുത്ത ജീവനക്കാരുടെ പലിശ സബ്സിഡിയ്ക്കായുള്ള അപേക്ഷകൾ ഒരു ഓൺലൈൻ സോഫ്റ്റ് വെയർ മുഖാന്തരം സ്വീകരിക്കുന്നതിനാണ് മാർഗ്ഗനിർദ്ദേശം നല്കിയിട്ടുള്ളത്. എന്നാൽ ടി ഓൺലൈൻ സോഫ്റ്റ് വെയർ പ്രവർത്തന സജ്ജമായിട്ടില്ലാത്തതിനാൽ പലിശയിളവ് നല്കിത്തുടങ്ങിയിട്ടില്ല.**

**(ഡി)** ജീവനക്കാരുടെ ഭവന നിർമ്മാണ വായ്പ പഴയ രീതിയിൽ തന്നെ അനുവദിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**മറുപടി:** ടി വിഷയം സർക്കാരിന്റെ നയപരമായ തീരുമാനത്തിൽ ഉൾപ്പെടുന്നതായിരിക്കും.

**സെക്ഷൻ ഓഫീസർ**